SUNDAY 16/03/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/03/2025

1. കേരള കാർഷിക സർവ്വകലാശാല, അഗ്രി ബിസിനസ്സ് ഇൻക്യുബേറ്റർ, ഭക്ഷ്യ സംസ്കരണ മേഖലയിൽ സംരംഭം തുടങ്ങുന്നവർക്കായി Detailed Project Report തയ്യാറാക്കി നൽകുന്നു. താത്പര്യം ഉള്ളവർ കൂടുതൽ വിവരങ്ങൾ അറിയുവാൻ 0487 2438332 എന്ന ഫോൺ നമ്പറിൽ രാവിലെ 10 മുതൽ 4 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

2. തിരുവനന്തപുരം: കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ആത്മ മുഖേന ജൈവ കൃഷിക്കും. ജൈവ ഉത്പന്നങ്ങൾക്കും നൂറു ശതമാനം സൗജന്യമായി സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പി.ജി.എസ് സർട്ടിഫിക്കേഷൻ പദ്ധതി നടപ്പിലാക്കുന്നു. കർഷകർ വിവരങ്ങൾക്കായി അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

3. റബ്ബർ ബോർഡിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിംഗ് (എൻഐആർടി) 2025 മാർച്ച് 17 മുതൽ 21 വരെ കോട്ടയം എൻഐആർടിയിൽ ലാറ്റക്സ് വിളവെടുപ്പ് സാങ്കേതികവിദ്യയിൽ പ്രത്യേക പരിശീലനം സംഘടിപ്പിക്കുന്നു. മലയാളമാണ് പഠനമാധ്യമം.വിശദവിവരങ്ങൾക്ക് 9495928077 എന്ന നമ്പറിലോ 04812351313 എന്ന വാട്സാപ്പ് നമ്പറിലോ ബന്ധപ്പെടുക. ഇ-മെയിൽ training@rubberboard.org.in

4. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന കാർഷിക കോളേജിലെ സോയിൽ സയൻസ്&അഗ്രിക്കൾച്ചറൽ കെമിസ്ട്രി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറിന്റെ (കരാർ നിയമനം) താൽക്കാലിക ഒഴിവുകൾ ഉണ്ട്. യോഗ്യതകൾ സംബന്ധിച്ച വിവരം വെബ്സൈറ്റിൽ ലഭ്യമാണ്. നിർദിഷ്ട യോഗ്യതകൾ ഉള്ളവർക്ക് **17.03.2025** രാവിലെ **10** മണിക്ക് കോളേജിൽ നടക്കുന്ന വാക്ക് ഇൻറർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് **www.kau.in**, **www.cohvka.kau.in** എന്നീ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

വെബ്സൈറ്റുകൾ സന്ദർശിക്കുകയോ **0487-2438302**എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

5. പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന പ്രകാരം വിവിധ പദ്ധതികളായ ഫിഷ് കിയോസ്ക് (യൂണിറ്റ് ചെലവ് 10 ലക്ഷം രൂപ), ലൈവ് ഫിഷ് വെൻഡിംഗ് സെന്റർ (20 ലക്ഷം), മിനി ഫീഡ് മിൽ(30 ലക്ഷം), ഇൻസുലേറ്റഡ് വഹിക്കിൾ (20 ലക്ഷം), ഓരുജല കൂട് കൃഷി (3 ലക്ഷം), ഓരുജല കുളം നിർമാണ (8 ലക്ഷം)വും മത്സ്യകൃഷിക്കായുള്ള ഇൻപുട്ടുകളും (6 ലക്ഷം), മിനി ആർ.എ.എസ. ്(50,000), ഐസ് ബോക്സുള്ള മുച്ചക്ര വാഹനം (3 ലക്ഷം), പെൻ കൾച്ചർ (3 ലക്ഷം) എന്നിവയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. യൂണിറ്റ് കോസ്റ്റിൻ്റെ 40 ശതമാനം സബ്സിഡിയായി ലഭിക്കും. മാർച്ച് 30 വരെ അപേക്ഷിക്കാം. വിശദവിവരത്തിന് ഫോൺ: വൈക്കം മത്സ്യഭവൻ - 04829 291550, കോട്ടയം മത്സ്യഭവൻ - 0481 2566823, പാലാ മത്സ്യഭവൻ -0482 2299151.

## പരിശീലന പരിപാടി

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **"പഴം-പച്ചക്കറി സംസ്കരണവും വിപണനവും"** എന്ന ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. താല്പര്യമുള്ളവർക്ക് www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷന് ഫോറം പൂരിപ്പിച്ചു സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. **2025 മാർച്ച് 24, തിങ്കളാഴ്ച** ആരംഭിക്കുന്ന ഈ കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി **2025 മാർച്ച് 23, ഞായറാഴ്ച** ആണ്. കൂടുതൽ വിവരങ്ങള് പ്രസ്തുത വെബ്സൈറ്റില് ലഭ്യമാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

**7. മൃഗസംരക്ഷണ നിർദേശം** -അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കുന്നത് വളർത്തു കോഴികളെയും പക്ഷികളെയും പ്രതികൂലമായി ബാധിക്കും. പ്രതികൂല സാഹചര്യത്തെ പ്രതിരോധിക്കുന്നതിനായി പക്ഷികളെ സൂര്യരശ്മികൾ ഏൽക്കാത്ത വെള്ള പെയിന്റ് അടിച്ച മേൽക്കൂരകൾക്ക് താഴെ പാർപ്പിക്കുക. ഫാൻ, ദേഹത്തു തണുത്ത വെള്ളം തൂവുക എന്നിവ അവലംബിക്കുക. കുടിക്കാനായി ഐസ്, ഗ്ലൂക്കോസ്, ഒരുശതമാനം സോഡിയം ബൈകാർബോണറ്റ് എന്നിവചേർത്ത വെള്ളം നൽകുക. ചൂട്കുറഞ്ഞ രാവിലെയും വൈകുന്നേരങ്ങളിലും വിറ്റാമിനുകൾ, ഫോസ്ഫോറസ്, വൈറ്റമിൻ സി എന്നിവ സമ്പുഷ്ടമാക്കിയ തീറ്റ നൽകുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം